ഉത്തരം

(എ-ബി) വിവരം ശേഖരിച്ചു വരുന്നു.

ജില്ലാ സായുധ പോലീസ് സർവ്വീസിൽ നിന്നും അന്തർജില്ലാ പോലീസ് സർവ്വീസിലേക്ക് സ്ഥലം മാറ്റത്തിന് നിലനിന്നിരുന്ന മാനദണ്ഡങ്ങൾ

75 (281) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സായുധ പോലീസ് സർവ്വീസിൽ നിന്നും അന്തർ ജില്ലാ പോലീസ് സർവ്വീസിലേക്ക് സ്ഥലം മാറ്റത്തിന് നിലനിന്നിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇതിലേയ്ക്ക് എല്ലാ വർഷവും ഉദ്യോഗസ്ഥരിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരുന്നുവോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ :

(ഡി) 2010-ന് ശേഷം ഇതിലേയ്ക്ക് അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്നാണ് ; വിശദമാക്കുമോ ;

(എഫ്) ഇതു സംബന്ധിച്ച് സംസ്ഥാന ഡിജിപി ഈ വർഷം എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(എച്ച്) നിലവിലുണ്ടായിരുന്ന കീഴ്വഴക്കമനുസരിച്ച് യോഗ്യത നേടാത്തവർക്കു പോലും ഡിജിപി-യുടെ പുതിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അർഹത ലഭിച്ചിട്ടുണ്ടോ ;

(ഐ) അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ മുൻകാല പ്രാബല്യത്തിൽ പരിഗണിക്കുവാൻ നിർദ്ദേശിച്ചതുമൂലം പല ഉദ്യോഗസ്ഥർക്കും ഇതിലേക്ക് അപേക്ഷ നൽകാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജെ) അന്തർജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നതിന് പിൽക്കാല പ്രാബല്യത്തോടെ ഒരു തീയതി നിശ്ചയിച്ച് അർഹമായ സീനിയോറിറ്റി നൽകി ഒരു പുതിയ ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ-ജെ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly